പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3465 | 16.12.2015 ൽ മറുപടിയ്ക്ക് |
|---|---|

## നിരാലംബരായ സ്ത്രീകൾക്കായുള്ള അഭയകേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ഡോ.കെ.ടി ജലീൽ** | **ഡോ.എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നിരാലംബരായ സ്ത്രീകൾക്കായുള്ള അഭയകേന്ദ്രങ്ങൾ ജില്ലകൾതോറും നടപ്പിലാക്കുമെന്ന് ബജറ്റിൽ പ്രഖ്യപിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ ; | (എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നിരാലംബരായ സ്ത്രീകൾക്കായുള്ള അഭയകേന്ദ്രങ്ങൾ ജില്ലകൾതോറും നടപ്പിലാക്കുമെന്ന് 2015-16 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല. |
| (ബി) എങ്കിൽ അതിനായി ബജറ്റിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്നും ഏതൊക്കെ ജില്ലകളിൽ അപ്രകാരം അഭയകേന്ദ്രങ്ങൾ നിർമ്മിച്ചുവെന്നും വിശദമാക്കാമോ ; | (ബി). നിർഭയ സെല്ലിന്റെ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 8 കോടി രൂപ നിർഭയ ഹോമുകളുടെ നിർമ്മാണത്തിനായി '4235-02-103-99' ശീർഷകത്തിലും, 2 കോടി രൂപ നിർഭയ സെല്ലിന്റെ ഭരണപരമായ ചെലവുകൾക്കായി '2235-02-103-74(പി)' ശീർഷകത്തിലുമാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത 2 കോടി രൂപയിൽ 1,65,89,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഷെൽട്ടർ ഹോമുകളുടെ നിർമ്മാണ ചെലവുകൾക്കായി ലഭിച്ച എട്ട് കോടി രൂപയിൽ നിന്നും തിരുവനന്തപുരം, എറണാകുളം, വയനാട് ജില്ലകളിലായി 4 നിർഭയ ഷെൽട്ടർ ഹോമുകളുടെ നിർമ്മാണത്തിനായി 694.7412 ലക്ഷം രൂപ പി.ഡബ്ല്യൂഡി മുഖേന ചെലവഴിച്ച വരുന്നു. |
| (സി) നിർഭയ പദ്ധതിയുടെ ഷെൽട്ടർ ഹോം എവിടെയൊക്കെ സ്ഥാപിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്നും എത്ര തുക ലഭിച്ചുവെന്നും അതിൽ എത്ര തുക ഇതിനകം ചെലവഴിച്ചുവെന്നും വിശദമാക്കാമോ ? | (സി) നിർഭയ പദ്ധതിയുടെ ഷെൽട്ടർ ഹോമുകൾ ചുവടെ ചേർക്കും പ്രകാരം സ്ഥാപിച്ചിട്ടുണ്ട്. |

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 3 (പൂജപ്പുര-2 , വെഞ്ഞാറമൂട്-1) |
| എറണാകുളം | 1 |
| തൃശ്ശൂർ | 1 |
| മലപ്പുറം | 1 |
| ഇടുക്കി | 1 |
| പാലക്കാട് | 1 |
| കോഴിക്കോട് | 1 |
| വയനാട് | 1 |
| കാസർകോഡ് | 1 |
| **ആകെ** | **11** |

നടപ്പ് സാമ്പത്തിക വർഷത്തിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും തുകയൊന്നും ലഭിച്ചിട്ടില്ല

സെക്ഷൻ ഓഫീസർ